# “ആടുവിലാപം” ഒരു കാടുവിലാപമാവുമോ?

## (വിചാരവേദി–നിരൂപണ പരമ്പര–45)

**ഡോക്ടർ നന്ദകുമാർ ചാണയിൽ**



എവിടെയെല്ലാമോ മുഴങ്ങിക്കേട്ട ആരോപണ വിലാപാലപത്തിൽ ഖിന്നനായ ഒരു സഹൃദയ സാഹിത്യകാരൻെറ പ്രതികരണ മായാണ് ഈ ലേഖനം രൂപം കൊണ്ടതെന്നു തോന്നുന്നു. ഇതെത്തിപ്പെടേണ്ട ചെവികളേക്ക് എത്തുമോ, എത്തിയാലും ഫലപ്രാപ്തി ഉണ്ടാകുമോ എന്ന സന്ദേഹത്തിലാണ് കാടുവിലാപം (അല്ലെങ്കിൽ ഒരു വനരോദനം) എന്നു വിശേഷിപ്പിക്കാൻ തോന്നിയത്.

‘‘കുടിയേറ്റ മലയാളികളുടെ ജീവിതം അമേരിക്കയുടെ പശ്ചാത്തലത്തിൽ രചിച്ചിട്ടുള്ള ധാരാളം ക്രുതികൾ ഇവിടുത്തെ എഴുത്തുകാർ എഴുതിയിട്ടുണ്ടെന്ന യാഥാർത്ഥ്യം ഊന്നി പ്രസ്താവിക്കുന്നതിന് ശ്രീ മണ്ണിക്കരോട്ട് അനുമോദനം അർഹിക്കുന്നു. അതേസമയം ”അമേരിക്കയിൽ ഏതൊരു കുടിയേറ്റക്കാരനു ആടു ജീവിതത്തിൻെറ നൂറിലൊന്നെങ്കിലും ദുരിതം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്?’’ എന്ന ചോദ്യം അർത്ഥവത്താണോ എന്ന സംശയവും ഈ ലേഖകനില്ലാതില്ല. കാരണം നാട്ടിൽ നിന്നും കൊണ്ടു വന്ന വിദ്യാവിഹീനരായ എത്രയോ ആയമാരുടെ കാരാഗ്രുഹസമാനമായ ജീവിതവും പീഡനകഥകളും മാധ്യമങ്ങളിലൂടെ വായിച്ചറിയുന്നുണ്ട്. അതേപോലെ തന്നെയാണ് നാട്ടിൽ നിന്നും പി.എച്.ഡിയോ, വൈദ്യശാസ്ത്രത്തിൽ ബിരുദമുള്ളവരോ, അല്ലെങ്കിൽ ഇതര മേഖലകളിൽ അഭ്യസ്തവിദ്യരോ ആയ എത്രപേർക്കാണ് അനർഹമായ ജോലിചെയ്ത് ജീവിതം നയിക്കേണ്ടിവരുന്നത്. സമാനതകളില്ലാത്ത ഒരു താരതമ്യപഠനത്തിലല്ലേ നാം ഇപ്പോൾ അകപ്പെട്ടിരിക്കുന്നത്.

വ്യക്തിത്വത്തിനും, വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള മൂല്യം നിഷേധിക്കപ്പെട്ടിട്ടുള്ള സൗദി അറേബ്യപോലുള്ള ഒരു രാജ്യത്തിൽ സ്വന്തം മാനുഷികമൂല്യത്തിനും മനുഷ്യത്വത്തിനും വിലകൽപ്പിക്കുന്ന ഒരു ജനാധിപത്യ വ്യവസ്ഥിതി എവിടെ? അതേസമയം ‘‘പാരതന്ത്ര്യം മാനികൾക്ക് മ്രുതിയേക്കാൾ ഭയാനകം’’ എന്നും ‘‘സ്വാതന്ത്ര്യം തന്നെ അമ്രുതം, സ്വാതന്ത്ര്യം തന്നെ ജീവിതം’’ എന്നുമുള്ള വിശ്വാസപ്രമാണങ്ങളിൽ അടിയുറച്ച് വിശ്വസിക്കുന്ന അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാനം എവിടെ?

പിന്നെ, “അമേരിക്കയിൽ നിന്ന് എങ്ങനെയാണ് ആടുജീവിതം പോലെ ഒരു ക്രുതി ഉണ്ടാകാത്തതെന്നു ചോദിക്കുന്നതിനു പകരം അമേരിക്കയിൽ നിന്നും എന്തുകൊണ്ട് ശ്രേഷ്ഠമായ രചനകൾ ഉണ്ടാകുന്നില്ല എന്നു ചോദിക്കുന്നതല്ലേ കൂടുതൽ ഉചിതം?

കേവലം പുരസ്കാരങ്ങളിൽ മാത്രം ഒതുങ്ങുന്നതാണോ ഒരു ക്രുതിയുടെ മൂല്യം? അമേരിക്കൻ എഴുത്തുകാരുടെ ക്രുതികൾക്ക് മുഖ്യധാരയിലുള്ള വിപണനത്തിനും പ്രദർശനത്തിനുമുള്ള പരിമിതികൾ പ്രചാരത്തിനു വിഘ്നമായി വർത്തിക്കുന്നു എന്ന പരമാർത്ഥം നിഷേധിക്കവയ്യ തന്നെ. ജനമനസ്സുകളിൽ കോളിളക്കം സ്രുഷ്ടിക്കാൻ പര്യാപ്തമായ ഒരു ഇതിവ്രുത്തമെന്തുകൊണ്ടോ ഇവിടുത്തെ നല്ല എഴുത്തുകാർക്കും കണ്ടെത്തിപ്പിടിക്കാൻ പറ്റാതെ പോയത് ആരുടേയും കുറ്റം കൊണ്ടാവാൻ തരമില്ല. കവിത, ചെറുകഥ, നോവൽ,നാടകം, ലേഖനങ്ങൾ എന്നീ മേഖലകളിൽ നല്ല ഓജസ്സുള്ള രചനകൾ നിർമ്മിക്കുന്ന ധാരാളം എഴുത്തുകാർ വടക്കെഅമേരിക്കയിലുണ്ട്. ജീവിതവ്രുത്തിക്കായി നിരന്തരം അത്യദ്ധ്വാനത്തിൽ എർപ്പെട്ട്രിക്കുന്ന ഇവിടത്തെ എഴുത്തുകാർ ഒരാഴ്ച്ചയിൽ 24 മണിക്കൂറും എഴുത്തിനായി നീക്കിവയ്ക്കാൻ പറ്റാത്തവരാണ്. ഈ പെടാപ്പാടുകൾക്കിടയിൽ വീണുകിട്ടുന്ന ചുരുങ്ങിയ സമയമാണ് അവർ ഇതിനായി വിനിയോഗിക്കുന്നത്. ഇതും ഇവിടുത്തെ എഴുത്തുകാരുടെ ഒരു പരാധീനതയും പരിമിതിയുമാണെന്നു പറയേണ്ടിയിരിക്കുന്നു. പുരസ്കാര ദൗർലഭ്യവും, ദൗർബല്യവും എഴുത്തുകാരെ നിഷ്ക്രിയരാക്കേണ്ടതില്ല.

അമേരിക്കൻ മലയാള സാഹിത്യത്തിൻെറ ഭാവി അത്ര സുരക്ഷിതവും ഭാസുരവും ആകാനുള്ള ലക്ഷണമൊന്നും കാണുന്നില്ല. ഇപ്പോഴത്തെ എഴുത്തുകാർക്ക് പിൻ തലമുറക്കാരായി ദീപശിഖയേന്താൻ ആരുമില്ലാത്ത പരിതസ്ഥിതിയിൽ മലയാള സാഹിത്യ രചന കുറ്റിയറ്റു പോകാനേ തരമുള്ളു. മലയാളത്തിൻെറ വാമൊഴി കാത്തുസൂക്ഷിക്കാൻ പര്യാപ്തമായ പിൻതലമുറക്കാരില്ലെങ്കിൽ, വരമൊഴിയുടെ കാര്യം പറയേണ്ടതുണ്ടോ?

അമേരിക്കൻ സാഹിത്യകാരൻ എന്തിനുവേണ്ടി എഴുതുന്നു? സാമ്പത്തികമല്ലെന്നു തീർച്ച. മിക്കവാറും അവനവൻെറ ആത്മസംത്രുപ്തിക്കുവേണ്ടിയായിരിക്കണം ഇവിടത്തെ സാഹിത്യകാരന്മാരെഴുതുന്നത്. പിന്നെ ഒരു സാഹിത്യകാരനു് തൻെറ സമൂഹത്തോട് നിശ്ചയ്മായും ഒരു പ്രതിബദ്ധതയുണ്ടു്. സമൂഹത്തിൽ നടമാടുന്ന ദുരാചാരങ്ങൾക്കും അധാർമ്മിക പ്രവണതകൾക്കുമെതിരെ തൂലിക ചലിപ്പിക്കൽ ഒരു സാഹിത്യകാരനുണ്ടാവേണ്ട ധാർമ്മിക ദൗത്യനിർവ്വഹണത്തിനായുള്ള കടമയുടെ കാതൽ തന്നെ.

ബന്ന്യാമിൻെറ ആടുജീവിതം പോലുള്ള ഒരു ക്രുതി അമേരിക്കൻ മലയാള സാഹിത്യത്തിൽ ഉണ്ടാകണം എന്ന ശാഠ്യം ബാലിശമാണ്. അതിൻെറ പുറകിലുള്ള ആശയസംശുദ്ധി എത്ര സദുദ്ദേശത്തോടുകൂടിയാണെങ്കിലും സമയവും സാഹചര്യവുമൊത്തുചേരുമ്പോൾ ഇവിടെ നിന്നും മൂല്യവത്തായ ഒരു മലയാളസാഹിത്യക്രുതി ഉണ്ടായേക്കാമെന്ന ഒരു പ്രത്യാശയോടെ ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ. എന്നാൽ ഈ ഫലപ്രാപ്തിക്കായി പ്രോത്സാഹനം, പ്രതിഫലം, പ്രതികരണം എന്നീ ഘടകങ്ങൾ അത്യന്താപേക്ഷിതമാണെന്നും അടിവരയിട്ടു പ്രസ്താവിക്കേണ്ടതുണ്ടു്.

..........................................................................